# അദ്ധ്യായം II

# പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം

## 2.1 ആമുഖം

1992ലെ 73-ാമത് ഭരണഘടനാ ഭേദഗതിനിയമം രാജ്യത്തെ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകി. പഞ്ചായത്ത് രാജ് സംവിധാനം എന്നത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ത്രിതല സംവിധാനമാണ്. 73-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ, കേരള സർക്കാർ 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം) നടപ്പിലാക്കി. ഇത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് (പിആർഐ) സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും ആസൂത്രിത വികസനത്തിനും തദ്ദേശ ഭരണ കാര്യങ്ങളിൽ ജനങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉതകുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകി. 73-ാമത് ഭരണഘടനാ ഭേദഗതി നിയമം പതിനൊന്നാം പട്ടിക അവതരിപ്പിക്കുകയും അതിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ പിആർഐകളെ ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു.

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും ഉണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള പിആർഐകളുടെ എണ്ണം ജനസംഖ്യ, പ്രതിശീർഷ വരുമാനം എന്നിവ **പട്ടിക 2.1ൽ** നൽകിയിരിക്കുന്നു:

**പട്ടിക 2.1: ജില്ല തിരിച്ചുള്ള പിആർഐകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | ഗ്രാമീണ ജനസംഖ്യ (ലക്ഷത്തിൽ) | പ്രതിശീർഷ വരുമാനം (₹) (ജില്ല) | പിആർഐകളുടെ വിശദാംശങ്ങൾ | | |
|---|---|---|---|---|---|---|
| | | | | ഗ്രാമ പഞ്ചായത്തുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | ജില്ല പഞ്ചായത്തുകൾ |
| 1 | തിരുവനന്തപുരം | 15.30 | 145214 | 73 | 11 | 1 |
| 2 | കൊല്ലം | 14.48 | 180947 | 68 | 11 | 1 |
| 3 | പത്തനംതിട്ട | 10.65 | 113425 | 53 | 8 | 1 |
| 4 | ആലപ്പുഴ | 9.79 | 195817 | 72 | 12 | 1 |
| 5 | കോട്ടയം | 14.09 | 171528 | 71 | 11 | 1 |
| 6 | ഇടുക്കി | 10.57 | 149686 | 52 | 8 | 1 |
| 7 | എറണാകുളം | 10.48 | 202863 | 82 | 14 | 1 |
| 8 | തൃശ്ശൂർ | 10.25 | 164800 | 86 | 16 | 1 |
| 9 | പാലക്കാട് | 21.33 | 130112 | 88 | 13 | 1 |
| 10 | മലപ്പുറം | 22.96 | 109422 | 94 | 15 | 1 |
| 11 | കോഴിക്കോട് | 10.13 | 136648 | 70 | 12 | 1 |
| 12 | വയനാട് | 7.88 | 104305 | 23 | 4 | 1 |
| 13 | കണ്ണൂർ | 8.82 | 145441 | 71 | 11 | 1 |
| 14 | കാസർഗോഡ് | 7.98 | 127641 | 38 | 6 | 1 |
| ആകെ | | | | **941** | **152** | **14** |

*(ഉറവിടം : 2023ലെ സാമ്പത്തിക അവലോകനവും 2023ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകവും)*

## 2.2 സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം

കെപിആർ നിയമം, 1994 നടപ്പിലാക്കിയതിനെത്തുടർന്ന് പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനായി ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാറുകൾ എന്നിവയിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കി വികസന പരിപാടികൾ താഴെത്തട്ടിൽ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പിആർഐകൾ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. എല്ലാ വർഷവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർന്നുള്ള വർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കുകയും, അത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഡിപിസി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരാണ് പദ്ധതി രൂപീകരണപ്രക്രിയയിലും അതിന്റെ നടത്തിപ്പിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ അഥവാ ഗ്രൂപ്പുകൾ.

കെപിആർ നിയമം അനുസരിച്ച്, നിയമത്തിന്റെ ബന്ധപ്പെട്ട പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാര പരിധിയിൽ ഉള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല പിആർഐകൾക്കാണ്. പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണ്ണമായ ഭരണാധികാരം പിആർഐകൾക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും പിആർഐകൾ ആണെന്നും വ്യവസ്ഥ ചെയ്യുന്നു.

## 2.3 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പിആർഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു (**അനുബന്ധം 1.1**). സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് കെപിആർ നിയമം വിഭാവനം ചെയ്യുന്നു. കെപിആർ നിയമം അധികാരപ്പെടുത്തിയതനുസരിച്ച് ഇതിലെ 26 ചുമതലകൾ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി (1995 സെപ്റ്റംബർ). ചെറുകിട വനഉല്പന്നങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഇനിയും പിആർഐകൾക്ക് കൈമാറാനുണ്ട്. 1995 ഒക്ടോബർ 02 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ ഉദ്യോഗസ്ഥരോടൊപ്പം കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട് ആസ്തികൾ, ബാധ്യതകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവയും സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറി. എന്നിരുന്നാലും, കൈമാറ്റം ചെയ്യപ്പെട്ട 26 ചുമതലകളിൽ അഞ്ചെണ്ണത്തിൽ മാത്രമേ പിആർഐകൾക്ക് പൂർണ്ണ ഉത്തരവാദിത്തമുണ്ടായിരുന്നുള്ളൂവെന്നും 12 ചുമതലകളിൽ അവർക്ക് പരിമിതമായ പങ്കോ അല്ലെങ്കിൽ ഒരു പങ്കുമില്ലാതിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഒൻപത് ചുമതലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി പദ്ധതികൾ നടപ്പിലാക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 2.2ൽ** നൽകിയിരിക്കുന്നു:

**പട്ടിക 2.2: പിആർഐകൾക്ക് ചുമതലകൾ കൈമാറിയതിന്റെ സ്ഥിതി**

| ക്രമ നമ്പർ | ഉത്തരവാദിത്തം | ചുമതലകൾ |
|---|---|---|
| 1 | **പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം** | 1. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, കടത്ത്, ജലപാതകൾ, മറ്റ് ഗതാഗത മാർഗ്ഗങ്ങൾ<br>2. സാമൂഹിക ആസ്തികളുടെ പരിപാലനം<br>3. ഗ്രാമ ഭവന നിർമ്മാണം<br>4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി<br>5. ചന്തകളും വിപണനമേളകളും |

| ക്രമ നമ്പർ | ഉത്തരവാദിത്തം | ചുമതലകൾ |
|---|---|---|
| 2 | **പരിമിതമായ സ്ഥാനം** | 1. ചെറുകിട ജലസേചനം, ജല പരിപാലനം, നീർത്തട വികസനം<br>2. മത്സ്യബന്ധനം<br>3. ചെറുകിട വ്യവസായം, ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ ഉൾപ്പെടെ<br>4. ഖാദി, ഗ്രാമീണ, കുടിൽ വ്യവസായങ്ങൾ<br>5. കുടിവെള്ളം<br>6. പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസ്സുകൾ<br>7. സാങ്കേതിക പരിശീലനവും തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസവും<br>8. പ്രായപൂർത്തിയായവർക്കുള്ളതും അനൗപചാരികവുമായ വിദ്യാഭ്യാസം<br>9. ഗ്രന്ഥശാലകൾ<br>10. കുടുംബ ക്ഷേമം<br>11. ദുർബലവിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച്, പട്ടിക ജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും |
| 3 | **സ്ഥാനമില്ല** | 1. പൊതുവിതരണ സംവിധാനം |
| 4 | **അധികാരപരിധിയുടെ ഓവർലാപ്പിംഗ് – പിആർഐകളും സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പാക്കുന്ന പദ്ധതികൾ** | 1. കൃഷി, കാർഷിക വിപുലീകരണം ഉൾപ്പെടെ<br>2. മൃഗസംരക്ഷണം, ക്ഷീരോൽപാദനം, കോഴി വളർത്തൽ<br>3. സാമൂഹ്യവനവൽക്കരണവും കാർഷികവനവൽക്കരണവും<br>4. വിറകും കാലിത്തീറ്റയും<br>5. വിദ്യാഭ്യാസം, പ്രൈമറി സെക്കൻഡറി വിദ്യാലയങ്ങൾ ഉൾപ്പെടെ<br>6. സാംസ്കാരിക പ്രവർത്തനങ്ങൾ<br>7. ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ എന്നിവ ഉൾക്കൊള്ളുന്ന ആരോഗ്യവും ശുചീകരണവും<br>8. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം<br>9. അംഗവൈകല്യമുള്ളവരുടേതും ബുദ്ധിമാന്ദ്യമുള്ളവരുടേതും ഉൾപ്പെടെ സാമൂഹ്യക്ഷേമം |
| 5 | **കൈമാറാത്ത ചുമതലകൾ** | 1. ചെറുകിട വനോൽപ്പന്നം<br>2. ഭൂമിമെച്ചപ്പെടുത്തൽ, ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കൽ, ഭൂമി സംയോജനം, മണ്ണ് സംരക്ഷണം<br>3. ഗ്രാമീണ വൈദ്യുതീകരണം, വൈദ്യുതി വിതരണം ഉൾപ്പെടെ |

*(ഉറവിടം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

### 2.3.1 പദ്ധതികളുടെ സമാന്തര നിർവ്വഹണം

പ്രവർത്തനങ്ങളുടെ വ്യക്തമായ അതിർത്തി നിർണ്ണയത്തിന്റെ അഭാവത്തിൽ ചുമതലകളുടെ ഓവർലാപ്പിംഗ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പിആർഐകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്ത് കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പിലാക്കി. പിആർഐകൾ വഴി നടപ്പിലാക്കുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നിവയുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ പ്രവർത്തനങ്ങളും അതത് വകുപ്പുകളും സമാന്തരമായി നടപ്പിലാക്കി.

ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അതത് വാർഡ് പ്രദേശത്തെ യോഗ്യരായ അപേക്ഷകരെ കണ്ടെത്തി ഉൾപ്പെടുത്തേണ്ട ചുമതല വാർഡ് സഭകൾക്കാണെന്ന് കെപിആർ നിയമം അനുശാസിക്കുന്നു. പദ്ധതികൾ സർക്കാർ സമാന്തരമായി നടപ്പിലാക്കുന്നതിന്റെ ഫലമായി വകുപ്പുതല പദ്ധതികൾക്കായി ഗുണഭോക്താക്കളെ വകുപ്പുതല ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കുന്നു. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കിയ

ഗുണഭോക്തൃ പട്ടികകൾ വാർഡ് സഭകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. പിആർഐകളും സർക്കാർ വകുപ്പുകളും സമാനസ്വഭാവമുള്ള പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നത്, പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ പിആർഐകളുടെയും വകുപ്പുകളുടെയും ഉത്തരവാദിത്തം ദുർബ്ബലമാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഉൾപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത്, പിആർഐകളുടെ സ്വയംഭരണ അധികാരം കുറയ്ക്കുന്നതിലൂടെ വികേന്ദ്രീകരണ ആദർശങ്ങൾക്ക് എതിരാണ്.

### 2.3.2 കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പിആർഐകളുടെ അധികാരങ്ങളുടെയും ചുമതലകളുടെയും കാര്യത്തിലുള്ള അവ്യക്തത

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പിആർഐകളുടെ അധികാരങ്ങളും ചുമതലകളും സംസ്ഥാനം വ്യക്തമായി നിശ്ചയിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച നല്കിയ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പാരാസ്റ്റാറ്റലുകൾ ഉൾപ്പെടെ തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. കൈമാറ്റം ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും മാതൃ സർക്കാർ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലാണ്. ജീവനക്കാരെ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും അവരുടെ ശമ്പളം നൽകുന്നതും സർക്കാരാണ്. അതിനാൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഭരണത്തിൽ പിആർഐകളുടെയും മാതൃവകുപ്പുകളുടെയും ഇരട്ട നിയന്ത്രണം നിലനിൽക്കുന്നു.

### 2.3.3 ഉദ്യോഗസ്ഥരുടെ കൈമാറ്റം

കൈമാറ്റം ചെയ്ത ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളതും പരിശീലനം ലഭിച്ചതുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. പിആർഐകളിൽ 1213 ക്ലറിക്കൽ തസ്തികകൾ വേണമെന്ന് 2000 ജൂലൈയിൽ വിലയിരുത്തിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളിൽ 62 ജീവനക്കാരുടെയും ജില്ലാ പഞ്ചായത്തുകളിൽ 33 ജീവനക്കാരുടെയും കുറവുണ്ടായിരുന്നു (2024 ജനുവരി). സാമൂഹ്യനീതി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ ആരെയും വിന്യസിച്ചിട്ടില്ല (2024 ജനുവരി).

## 2.4 പിആർഐകളുടെ സംഘടനാ രൂപം

സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് നിർവ്വഹണം, പദ്ധതികളുടെ രൂപീകരണം, സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തിരഞ്ഞെടുപ്പ്, ഗ്രാമസഭയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്. പ്രസിഡന്റ് ആണ് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മുഖ്യ ഭരണത്തലവൻ. ഓരോ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെയും മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പിആർഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

സർക്കാർ 2022 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ തലവനാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളായ, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണവകുപ്പ്, തദ്ദേശ

സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയും മുനിസിപ്പൽ കോമൺ സർവ്വീസും സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് കോമൺ സർവ്വീസ് രൂപീകരിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (റൂറൽ) എന്നീ രണ്ട് വിഭാഗങ്ങൾ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗം എന്നും നഗര-ഗ്രാമാസൂത്രണ വിഭാഗത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം എന്നും പുനർനാമകരണം ചെയ്തു. സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന **ചാർട്ട് 2.1ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 2.1: സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന**




## 2.5 വിവിധ കമ്മിറ്റികളുടെ രൂപീകരണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് ഓരോ പഞ്ചായത്തിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും, 162 ബി ഓരോ പഞ്ചായത്തിലെയും സ്റ്റിയറിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

**സ്റ്റാന്റിംഗ് കമ്മിറ്റികൾ**

പഞ്ചായത്ത് സമിതികളിൽ പ്രശ്നങ്ങളും നിർദ്ദേശങ്ങളും തീരുമാനമെടുക്കുന്നതിനായി പരിഗണിക്കുന്നതിന് മുമ്പ് അവ സ്റ്റാന്റിംഗ് കമ്മിറ്റികൾ[2] വിശകലനം ചെയ്യുന്നു. ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നാല്[3] സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും ജില്ലാ പഞ്ചായത്തിന് അഞ്ച്[4] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ തീരുമാനവും പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ അടുത്ത പഞ്ചായത്ത് സമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ, പഞ്ചായത്ത് സമിതിക്ക് തീരുമാനങ്ങളിൽ ഭേദഗതി വരുത്താം.

**സ്റ്റിയറിംഗ് കമ്മിറ്റി**

സ്റ്റിയറിംഗ് കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവർ ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി.

**ജില്ലാ ആസൂത്രണ സമിതി**

ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 243 ഇസഡ് ഡി, ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ ഏകീകരിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനുമായി ഓരോ സംസ്ഥാനത്തും ജില്ലാ തലത്തിൽ ഒരു ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ഇസഡ് ഡി പ്രകാരം ഉൾപ്പെടുത്തിയ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പ്, ഓരോ ജില്ലയിലേയും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി ഒരു ജില്ലാ ആസൂത്രണ സമിതി (ഡിപിസി) രൂപീകരിക്കുന്നത് അനുശാസിക്കുന്നു. ഡിപിസിയുടെ കാലാവധി അഞ്ചു വർഷമാണ്.

പതിനഞ്ച് അംഗങ്ങൾ[5] അടങ്ങിയതാണ് ഡിപിസി. അതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായിരിക്കും ബന്ധപ്പെട്ട ജില്ലയെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗവും (എംപി) നിയമസഭാ അംഗവും (എംഎൽഎ) ആ ജില്ലയിലെ ജില്ലാ ആസൂത്രണ സമിതിയുടെ സ്ഥിരം ക്ഷണിതാക്കളും സർക്കാർ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരും ആണ്. എല്ലാ വർഷവും സെപ്റ്റംബർ 30ന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ജില്ലയ്ക്കുള്ള പൂർണ്ണമായ കരട് വികസന പദ്ധതി ഡിപിസികൾ തയ്യാറാക്കുകയും കമ്മിറ്റി ചെയർമാൻ അത് സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും ചെയ്യേണ്ടതാണെങ്കിലും, 2018-19 മുതൽ ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

## 2.6 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് എത്രയും വേഗം

---

[2] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അവർ തിരഞ്ഞെടുക്കുന്ന അംഗങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉള്ളത്

[3] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

[4] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (5) ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

[5] ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാകളക്ടർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ നടത്തിപ്പിൽ ഗണ്യമായ പരിചയമുള്ള ഒരാൾ, ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യ തമ്മിലുള്ള അനുപാതത്തിന് അനുസൃതമായി, ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് പന്ത്രണ്ട് അംഗങ്ങൾ

മറുപടി നൽകാൻ 2010ലും 2017ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് തടസ്സങ്ങൾ/പരിശോധനാ റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയുള്ള നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും തൊട്ടടുത്ത ഉയർന്ന അധികാരികളും പരിശോധനാ റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും പോരായ്മകളും, ഒഴിവാക്കലുകളും പരിഹരിക്കുകയും പരിശോധന റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചകൾക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2022–23ലെ കണക്കനുസരിച്ച്, പിആർഐകളിൽ 401 പരിശോധന റിപ്പോർട്ടുകൾ (1941 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. അവശേഷിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 2.1ൽ** നൽകിയിരിക്കുന്നു.

### 2.6.1 നിയമസഭാ സമിതിയുടെ ചർച്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് വർഷംതോറും നിയമസഭയിൽ വയ്ക്കുന്ന ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ 2003 ഫെബ്രുവരി 18 മുതൽ പ്രാബല്യത്തിൽ വന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുന്നു. കേരള നിയമസഭയിലെ നടപടി ക്രമങ്ങളുടെയും വ്യവഹാര നടത്തിപ്പുകളുടെയും ചട്ടങ്ങൾ അനുസരിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് സ്പീക്കർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകളും കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

പിആർഐകളുമായി ബന്ധപ്പെട്ട സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വന്ന എല്ലാ ഖണ്ഡികകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്തു (2024 ജൂൺ).

## 2.7 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിങ്ങും

### 2.7.1 ഫണ്ടിന്റെ ഉറവിടം

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്ര ധനകാര്യകമ്മീഷന്റെ ശിപാർശകൾ പാലിക്കുന്നതിലൂടെയും സ്വന്തം വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിലൂടെയുമാണ് സാമ്പത്തികസ്രോതസ്സുകൾ ലഭിക്കുന്നത്. പിആർഐകളുടെ വിഭവ സ്രോതസ്സുകളിൽ തനത് വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു. അതായത് ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്), സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നിവ. 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 2.3ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.3: 2018–23 കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| **തനതു വരുമാനം:**<br>i. നികുതി വരുമാനം | 587.74 | 561.47 | 554.89 | 422.24 | 703.39 |
| ii. നികുതിയേതര വരുമാനം | 158.70 | 161.66 | 150.04 | 116.27 | 276.10 |

| വിഭവങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| **ആകെ തനതു വരുമാനം** | **746.44** | **723.13** | **704.93** | **538.51** | **979.49** |
| **സംസ്ഥാന ഫണ്ട്:** i. പരമ്പരാഗതമായ ചുമതലകൾ | 2181.16 | 1284.29 | 1354.02 | 1545.64 | 1475.79 |
| ii. പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡിതര ആസ്തികളും) | 1905.02 | 2227.34 | 2391.65 | 2656.48 | 2433.27 |
| iii. വികസനവും പുരോഗതിയും | 4308.97 | 4278.73 | 4168.01 | 3901.30 | 4394.34 |
| iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ | 2267.48 | 236.79 | 361.41 | 168.57 | 327.63 |
| v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | 255.29 | 210.61 | 314.98 | 391.71 | 768.25 |
| **ആകെ സംസ്ഥാന ഫണ്ടുകൾ** | **10917.92** | **8237.76** | **8590.07** | **8663.70** | **9399.28** |
| **കേന്ദ്രസർക്കാർ ധനസഹായം:** i. കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2609.62 | 3620.70 | 4394.40 | 3716.55 | 4279.78 |
| ii. വികസനവും പുരോഗതിയും (15-ാമത് ധനകാര്യകമ്മീഷൻ) | 904.03 | 1093.48 | 2219.94 | 2113.62 | 1598.34 |
| **ആകെ കേന്ദ്രസർക്കാർ ധനസഹായം** | **3513.65** | **4714.18** | **6614.34** | **5830.17** | **5878.12** |
| **മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം : വായ്പകൾ** | **1195.95** | **515.12** | **208.65** | **76.61** | **354.31** |
| **ആകെ വരുമാനം** | **16373.96** | **14190.19** | **16117.99** | **15108.99** | **16611.20** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ലഭിച്ച മൊത്തം വരുമാനത്തിൽ സംസ്ഥാന ഫണ്ടിന്റെ വിഹിതം 66.68 ശതമാനത്തിൽ നിന്നും 56.58 ശതമാനമായി കുറഞ്ഞു. കേന്ദ്രഫണ്ട് 21.46 ശതമാനത്തിൽ നിന്ന് 35.39 ശതമാനമായും തനത് വരുമാനം 4.56 ശതമാനത്തിൽ നിന്ന് 5.90 ശതമാനവും വർദ്ധിച്ചു.

### 2.7.2 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ പിആർഐകൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു; അതായത് പൊതു ആവശ്യഫണ്ട്, വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2022-23 കാലയളവിൽ അനുവദിച്ച ഫണ്ടുകളുടെയും അവയുടെ ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 2.4ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.4: 2022–23 കാലയളവിൽ പിആർഐകൾ നടത്തിയ ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ. | ഫണ്ടിന്റെ തരം | അക്കൗണ്ട് ശീർഷകം | അനുവദിച്ച തുക | ചെലവ് | ചെലവഴിക്കാത്ത ബാക്കി തുക |
|---|---|---|---|---|---|
| **1.** | പൊതുആവശ്യ ഫണ്ട് | 3604-00-200-83 (03 to 05) | 1475.79 | 1473.98 | 1.81 |
| **2.** | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3604-00-200-82 (03 to 05) | 911.76 | 721.88 | 189.88 |
| **3.** | മെയിന്റനൻസ് ഫണ്ട് (റോഡ്) | 3054-80-196-37, 3054-80-198-37 | 1521.51 | 999.50 | 522.01 |
| **4.** | വികസനവും പുരോഗതിയും | 3604-00-200-81 (03,08,13,04,09,14,05,10,15)-35 | 4394.34 | 3833.41 | 560.93 |
| | **ആകെ** | | **8303.40** | **7028.77** | **1274.63** |

*(ഉറവിടം: സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, സർക്കാർ ഉത്തരവുകൾ, വൗച്ചർ ലെവൽ കംമ്പ്യൂട്ടറൈസേഷൻ സംഖ്യകൾ)*

വികസന, മെയിന്റനൻസ് ഫണ്ടുകളായി ആകെ അനുവദിച്ച ₹6827.61 കോടിയിൽ, ₹1272.82 കോടി (18.64 ശതമാനം) സാമ്പത്തിക വർഷാവസാനത്തോടെ കാലഹരണപ്പെട്ടു.

### 2.7.3 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റു ചെലവുകളും[6] ഉൾപ്പെടുന്നു. 2018–2019 മുതൽ 2022–23 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വികസന ചെലവ് **പട്ടിക 2.5ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.5: പിആർഐകളുടെ വിഭവങ്ങളുടെ വിനിയോഗം**

*(₹ കോടിയിൽ)*

| മേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | 948.82 | 661.86 | 1171.34 | 1009.30 | 1076.14 | 4867.46 |
| **പശ്ചാത്തല മേഖല** | 4986.21 | 4079.69 | 4699.43 | 5107.19 | 5597.12 | 24469.64 |
| **സേവന മേഖല** | 2387.28 | 1598.08 | 3375.56 | 2144.88 | 1967.90 | 11473.70 |
| **ആകെ വികസന ചെലവ്** | **8322.31** | **6339.63** | **9246.33** | **8261.37** | **8641.16** | **40810.80** |

*(ഉറവിടം : ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹40810.80 കോടി ആയിരുന്നു. ഉത്പാദനമേഖല, അടിസ്ഥാനസൗകര്യ മേഖല, സേവനമേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 11.93 ശതമാനം, 59.96 ശതമാനം, 28.11 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ ഉത്പാദനമേഖലയ്ക്കായി ചെലവഴിച്ച തുക 10.44 ശതമാനം മുതൽ 12.67 ശതമാനം വരെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് കുറഞ്ഞ പരിഗണനയാണ് നൽകിയതെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

---

6 ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

### 2.7.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ രൂപീകരിച്ചതും, ഏറ്റെടുത്തതും, പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ **പട്ടിക 2.6ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.6: രൂപീകരിച്ച, ഏറ്റെടുത്ത, ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇനം | പദ്ധതികളുടെ എണ്ണം | | | തുക (₹ കോടിയിൽ) | | | ചെലവിന്റെ ശതമാനം[7] |
|---|---|---|---|---|---|---|---|---|
| | | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് | |
| 2018-19 | ജിപി | 194142 | 137526 | 118586 | 11959.58 | 6261.91 | 3924.11 | 52.36 |
| | ബിപി | 16496 | 12794 | 10345 | 1448.24 | 892.96 | 726.33 | 61.66 |
| | ഡിപി | 13670 | 7309 | 5539 | 2322.72 | 1167.04 | 878.81 | 50.24 |
| 2019-20 | ജിപി | 207892 | 118396 | 82030 | 12156.81 | 4985.02 | 2775.17 | 41.00 |
| | ബിപി | 17422 | 10123 | 6254 | 1415.99 | 628.27 | 392.64 | 44.00 |
| | ഡിപി | 14585 | 5255 | 3039 | 2290.63 | 726.41 | 340.05 | 32.00 |
| 2020-21 | ജിപി | 227830 | 176260 | 147490 | 13307.50 | 6750.16 | 5144.30 | 50.72 |
| | ബിപി | 19214 | 16049 | 12583 | 1588.88 | 993.12 | 752.62 | 62.50 |
| | ഡിപി | 13898 | 9828 | 7714 | 2453.84 | 1491.89 | 1086.53 | 60.80 |
| 2021-22 | ജിപി | 144715 | 110352 | 83449 | 9874.68 | 5048.72 | 3370.24 | 51.13 |
| | ബിപി | 13715 | 11142 | 7914 | 1361.28 | 788.32 | 549.64 | 57.91 |
| | ഡിപി | 6940 | 3714 | 2566 | 1505.44 | 836.19 | 597.25 | 55.54 |
| 2022-23 | ജിപി | 150456 | 106911 | 84267 | 11194.88 | 5011.22 | 3592.75 | 44.76 |
| | ബിപി | 14678 | 11387 | 8367 | 1458.31 | 865.79 | 645.91 | 59.37 |
| | ഡിപി | 7267 | 3682 | 2266 | 1562.71 | 790.22 | 594.04 | 50.57 |
| **ആകെ** | | **1062920** | **740728** | **582409** | **75901.49** | **37237.24** | **25370.39** | **49.06** |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികൾ ജിപികളിൽ 57 ശതമാനം മുതൽ 77 ശതമാനം വരെയും ബിപികളിൽ 58 ശതമാനം മുതൽ 84 ശതമാനം വരെയും ഡിപികളിൽ 36 ശതമാനം മുതൽ 71 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം ജിപികളിൽ 69 ശതമാനം മുതൽ 86 ശതമാനം വരെയും ബിപികളിൽ 62 ശതമാനം മുതൽ 81 ശതമാനം വരെയും ഡിപികളിൽ 58 ശതമാനം മുതൽ 78 ശതമാനം വരെയും ആയിരുന്നു.

- രൂപീകരിച്ച പദ്ധതികൾക്കായുള്ള ഫണ്ടിന്റെ വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം ജിപികളിൽ 41 ശതമാനം മുതൽ 52 ശതമാനം വരെയും ബിപികളിൽ 44 ശതമാനം മുതൽ 63 ശതമാനം വരെയും ഡിപികളിൽ 32 ശതമാനം മുതൽ 61 ശതമാനം വരെയും ആയിരുന്നു.

---

[7] പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം

## 2.8 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 243ഐ പ്രകാരം, സംസ്ഥാന ധനകാര്യ കമ്മീഷൻ (എസ്എഫ്സി), പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുകയും (i)സംസ്ഥാനം ചുമത്തുന്ന നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ അറ്റാദായം സംസ്ഥാനത്തിനും പഞ്ചായത്തുകൾക്കുമിടയിൽ വിതരണം ചെയ്യൽ, അത്തരം വരുമാനത്തിന്റെ വിഹിതം എല്ലാ പഞ്ചായത്തുകൾക്കുമിടയിൽ വീതിച്ച് നൽകൽ (ii)പഞ്ചായത്തുകൾക്ക് ചുമത്താവുന്നതോ, വിനിയോഗിക്കാവുന്നതോ ആയ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ നിർണ്ണയം (iii) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പഞ്ചായത്തുകൾക്കുള്ള ഗ്രാന്റുകൾ (iv) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ മുതലായ തത്വങ്ങളിൽ ശിപാർശകൾ നൽകുകയും ചെയ്യണം. 1996 മുതൽ 2001 വരെയുള്ള കാലയളവിലേക്ക് വേണ്ടി ആദ്യത്തെ എസ്എഫ്സി രൂപീകരിച്ചത് 1994 ഏപ്രിൽ 23ന് ആണ്. അതിനുശേഷം സംസ്ഥാനത്ത് ആറ് എസ്എഫ്സി കൾ രൂപീകരിച്ചു (2024 മാർച്ച്). അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സി കളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതിവിവരം **പട്ടിക 2.7ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.7: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും സ്ഥിതി വിവരം**

| എസ്എഫ്സി | കാലയളവ് | ആകെ ശിപാർശകൾ | സർക്കാർ അംഗീകരിച്ചത് | മാറ്റിവച്ചത് | അംഗീകരിക്കാത്തത് | ഭാഗീകമായി അംഗീകരിച്ചത് | നടപ്പാക്കിയത് |
|---|---|---|---|---|---|---|---|
| അഞ്ചാം എസ്എഫ്സി | 2016-17 മുതൽ 2020-21 വരെ | 103 | 74 | 3 | 26 | 0 | 36 |
| ആറാം എസ്എഫ്സി | 2021-22 മുതൽ 2025-26 വരെ | 136 | 109 | 3 | 20 | 4 | 44 |

*(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളും എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് സമർപ്പിച്ച വിവരങ്ങളും)*

അഞ്ചാം എസ്എഫ്സിയുടെ അംഗീകരിച്ച 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പാക്കിയിട്ടുള്ളൂ. ആറാം എസ്എഫ്സിയുടെ അംഗീകരിച്ച 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമേ ഇതു വരെ (2024 ഡിസംബർ) നടപ്പാക്കിയിട്ടുള്ളൂ.

### 2.8.1 ഫണ്ട് കൈമാറ്റത്തിന്റെ സ്ഥിതി

പിആർഐകളുടെ സാമ്പത്തിക സ്രോതസ്സിന്റെ പ്രധാന പങ്ക് എസ്എഫ്സി ശിപാർശ ചെയ്യുന്ന ഗ്രാന്റുകൾക്കാണ്. 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും പിആർഐകൾക്ക് യഥാർത്ഥത്തിൽ അനുവദിച്ച ഫണ്ടുകളും **പട്ടിക 2.8ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.8: 2019-20 മുതൽ 2022-23 വരെ പിആർഐകൾക്ക് നൽകേണ്ടിയിരുന്നതും അനുവദിച്ചതുമായ ഗ്രാന്റുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം | ബജറ്റിൽ യഥാർത്ഥത്തിൽ അനുവദിച്ചത് – അനുബന്ധം IV | സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിൽ നിന്നും യഥാർത്ഥത്തിൽ അനുവദിച്ചത്[8] | കുറവ് (-)/ അധികം (+) അനുവദിച്ചത് | കുറവ്(-)/ അധികം(+) അനുവദിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 2019-20 | 8022.23 | 8022.23 | 7995.49 | (-) 26.74 | (-) 0.33 |
| 2020-21 | 7735.41 | 7192.14 | 7913.68 | (+) 178.27 | (+) 2.30 |
| 2021-22 | 7922.04 | 7873.45 | 8103.43 | (+) 181.39 | (+) 2.29 |
| 2022-23 | 8332.48 | 8292.36 | 8303.39 | (-) 29.09 | (-) 0.35 |
| **ആകെ** | **32012.16** | **31380.18** | **32315.99** | **(+) 303.83** | |

*(ഉറവിടം : എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് സമർപ്പിച്ച വിവരങ്ങൾ)*

2019-20ലും 2022-23ലും സർക്കാർ യഥാക്രമം ₹26.74 കോടിയും ₹29.09 കോടിയും പിആർഐകൾക്ക് കുറച്ച് അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 2.8.2 ഫണ്ട് അനുവദിച്ചതിലെ കാലതാമസം

ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അനുമതി സംസ്ഥാനം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25-ാം തീയതിക്കു മുമ്പായി നൽകേണ്ടതും അടുത്ത മാസത്തെ ആദ്യ പ്രവൃത്തി ദിവസം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് വിനിയോഗിക്കാവുന്നതുമാണ്. ഒരു സാമ്പത്തിക വർഷത്തിലെ മാർച്ച് 31-നകം ഫണ്ടുകൾ പിൻവലിക്കാതിരുന്നാൽ അവ സ്വയമേ അസാധുവായിത്തീരും. 2022-23ൽ വികസന ഫണ്ടുകൾ അനുവദിക്കുന്നതിലും മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നതിലും യഥാക്രമം 80-ഉം 42-ഉം ദിവസത്തെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഫണ്ട് അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് ഉപയോഗപ്രദമാക്കുന്നതിനുള്ള സമയവും കുറച്ചു.

## 2.9 കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ ആർട്ടിക്കിൾ 280(3)(ബി ബി) പ്രകാരം, അതാത് സംസ്ഥാനങ്ങളിലെ എസ്എഫ്സികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ വിഭവങ്ങൾ വർദ്ധിപ്പിക്കാനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പിആർഐകൾക്ക് ബേസിക് ഗ്രാന്റും പെർഫോമൻസ് ഗ്രാന്റും നൽകാൻ പതിനാലാം സിഎഫ്സി ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി ബേസിക് ഗ്രാന്റും ടൈഡ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും, പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 2.9ൽ** കാണിച്ചിരിക്കുന്നു.

[8] മുൻവർഷം ചെലവഴിക്കാതെ മിച്ചം വന്ന തുകയുടെ പുനഃഅംഗീകരിച്ച തുക ഉൾപ്പെടെ

**പട്ടിക 2.9: 2018-19 മുതൽ 2022-23 വരെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ[9]**

*(₹ കോടിയിൽ)*

| വർഷം | ബേസിക് ഗ്രാന്റുകൾ | | | പെർഫോമൻസ് ഗ്രാന്റുകൾ/ ടൈഡ് ഗ്രാന്റുകൾ | | | വിനിയോഗം |
|---|---|---|---|---|---|---|---|
| | കേന്ദ്രസർക്കാർ അനുവദിച്ചത് | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ പിആർഐകൾക്ക് നൽകിയത് | കേന്ദ്ര സർക്കാർ അനുവദിച്ചത് | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ പിആർഐകൾക്ക് നൽകിയത് | |
| 2018-19 | 802.78 | 802.78 | 802.78 | 101.25 | 0 | 101.25 | 680.43 |
| 2019-20 | 1084.73 | 1084.73 | 1084.73 | 132.57 | 0 | 0 | 493.53 |
| 2020-21 | 814.00 | 814.00 | 814.00 | 814.00 | 814.00 | 814.00 | 1294.00 |
| 2021-22 | 481.20 | 481.20 | 481.20 | 721.80 | 721.80 | 721.80 | 1543.17 |
| 2022-23 | 498.40 | 498.40 | 498.40 | 747.60 | 747.60 | 747.60 | 2395.98 |
| **ആകെ** | **3681.11** | **3681.11** | **3681.11** | **2517.22** | **2283.40** | **2384.65** | **6407.11** |

*(ഉറവിടം : എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് നൽകിയ വിവരങ്ങൾ )*

- 2018-19, 2019-20 കാലയളവിലെ ₹233.82 കോടിയുടെ പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെങ്കിലും, ആ തുക ഇന്നുവരെ (2024 മാർച്ച്) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. സംസ്ഥാനം ₹233.82 കോടിയിൽ ₹101.25 കോടി പിആർഐകൾക്ക് അനുവദിച്ചു.

- ധനകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഗ്രാന്റ് സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം 15 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. കാലതാമസമുണ്ടായാൽ ഗഡുവിനോടൊപ്പം റിസർവ്വ് ബാങ്കിന്റെ നിലവിലുള്ള ബാങ്ക് നിരക്കിൽ താമസമുണ്ടായ കാലയളവിലെ പലിശയും സംസ്ഥാന സർക്കാർ സ്വന്തം ഫണ്ടിൽ നിന്ന് നൽകണം. 2019-20 സാമ്പത്തിക വർഷത്തിൽ, ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്[10] ഉള്ള ബേസിക് ഗ്രാന്റിന്റെ ആദ്യ ഗഡുവിന്റെ ബാക്കി തുക അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയതിന് പലിശയായി ₹26.75 ലക്ഷം രൂപ പിആർഐകൾക്ക് വിതരണം ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

## 2.10 രേഖകളുടെ പരിപാലനം

താഴെത്തട്ടിലുള്ള പിആർഐകൾ ഉയർന്ന തലങ്ങളിലേക്കും, ഉയർന്ന തലങ്ങളിൽ നിന്ന് സർക്കാരിലേക്കും സമർപ്പിക്കുന്നതിനായി കെപിആർ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ടുകൾ/റിട്ടേണുകൾ **പട്ടിക 2.10ൽ** നൽകിയിരിക്കുന്നു.

[9] ചെലവഴിക്കാത്ത തുകകളുടെ പുനഃഅംഗീകാരവും ആരോഗ്യമേഖല ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല

[10] 2019 ഓഗസ്റ്റ് 08-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 6335/2019/ധനം

**പട്ടിക 2.10: താഴെ തട്ടിലുള്ള പിആർഐകൾക്ക് ഉയർന്ന തലങ്ങളിലേക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകളും/റിട്ടേണുകളും**

| താഴെ തട്ടിലുള്ളവ ഉയർന്ന തലങ്ങളിലുള്ളവയ്ക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ/റിട്ടേണുകൾ | റിപ്പോർട്ടുകളും/റിട്ടേണുകളും സമർപ്പിക്കപ്പെടേണ്ട അധികാരി | നിയമവും/ ചട്ടങ്ങളും |
|---|---|---|
| ബജറ്റ് (ജിപി, ബിപി, ഡിപി) | സർക്കാരും ജില്ലാ ആസൂത്രണസമിതിയും | കെപിആർ നിയമം-214 (7) |
| ജിപി, ബിപി, ഡിപികളുടെ വികസന പദ്ധതികൾ | ജില്ലാ ആസൂത്രണ സമിതി | കെപിആർ നിയമം -175 (1) |
| ജിപിയുടേയും ബിപിയുടേയും ഭരണ റിപ്പോർട്ട് | ജില്ലാ പഞ്ചായത്ത് | കെപിആർ നിയമം -192(3) |
| ഏകീകൃത ജില്ലാ ഭരണ റിപ്പോർട്ട് | സർക്കാർ | കെപിആർ നിയമം -192(4) |
| പിആർഐകളുടെ വാർഷിക അക്കൗണ്ടുകൾ | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | കെപിആർ നിയമം -215 |

## 2.11 പിആർഐകളുടെ അക്കൗണ്ട് പരിപാലനം

2011-12 മുതൽ സംസ്ഥാനത്തെ പിആർഐകൾ ഡബിൾ എൻട്രി അക്രൂവൽ അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്നുവരുന്നു. ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയറുപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. സാംഖ്യയിൽ തയ്യാറാക്കിയ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികകളും നിയമപ്രകാരമുള്ള ഓഡിറ്ററായ സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 64 പ്രകാരം, പിആർഐകളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിന്റെ ഉത്തരവാദിത്തം കെഎസ്എഡിക്കാണ്. എല്ലാ പിആർഐകളുടെയും 2022-23 വരെയുള്ള അക്കൗണ്ടുകളുടെ ഓഡിറ്റ് പ്രാഥമിക ഓഡിറ്റർ ആയ കെഎസ്എഡി പൂർത്തിയാക്കുകയും 2022-23 വരെയുള്ള കാലയളവിലെ അക്കൗണ്ടുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തു (2024 ജൂൺ).

### 2.11.1 ഓഡിറ്റ് ഓൺലൈനിൽ അപ്‌ലോഡ് ചെയ്തതിന്റെ സ്ഥിതി

പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ച മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം സംസ്ഥാന സർക്കാർ അംഗീകരിച്ചു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ളതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കൗണ്ടുകൾ 2022-23 കാലയളവ് വരെ അന്തിമമാക്കുകയും ഓഡിറ്റ് ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട് (2024 ജൂൺ).

### 2.11.2 സിഎജി നടത്തുന്ന അനുബന്ധ ഓഡിറ്റ്

2021-2022നും 2022-23നുമിടയിൽ കെഎസ്എഡി ഓഡിറ്റ് ചെയ്ത 110 അക്കൗണ്ടുകൾ അവർക്ക് നൽകുന്ന ടെക്നിക്കൽ ഗൈഡൻസിന്റെയും സപോർട്ടിന്റെയും അടിസ്ഥാനത്തിൽ സിഎജി സപ്ലിമെന്ററി ഓഡിറ്റിന് വിധേയമാക്കി. 101 കേസുകളിൽ ആസ്തികളുടെയും ബാദ്ധ്യതകളുടെയും തെറ്റായ അക്കൗണ്ടിങ്ങും 108 കേസുകളിൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചറിന്റെ (റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ്സ്) തെറ്റായ അക്കൗണ്ടിങ്ങും കണ്ടെത്തി. വാർഷിക ധനകാര്യ പത്രികയിൽ താരതമ്യ തുകകൾ ഉൾപ്പെടുത്താത്തതും സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തതുമായ യഥാക്രമം 88 കേസുകളും 59 കേസുകളും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 2.2ൽ** നൽകിയിരിക്കുന്നു.

## 2.12 സോഷ്യൽ ഓഡിറ്റ്

2011-ലെ എംജിഎൻആർഇജിഎ പദ്ധതി ചട്ടങ്ങളുടെ ഓഡിറ്റ് അനുസരിച്ച് 2015-ൽ[11] സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (എസ്എയു) സ്ഥാപിതമായി. എന്നാൽ ഒരു സ്വതന്ത്ര സൊസൈറ്റിയായി സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്താനുള്ള നിയമപരമായ അധികാരത്തോടുകൂടി എസ്എയു കേരള – മഹാത്മാഗാന്ധി എൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എംജിഎൻഎസ്എഎസ്കെ)-1955-ലെ തിരുവിതാംകൂർ – കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തനം ആരംഭിച്ചത് 2017 ഡിസംബറിൽ മാത്രമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ നിയമിക്കപ്പെടുന്ന റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുക എന്നതായിരുന്നു എസ്എയുവിന്റെ പ്രധാന ഉത്തരവാദിത്തം. പദ്ധതി പ്രവർത്തനങ്ങളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ, കലണ്ടറിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യൽ, നാഷണൽ വെബ് പോർട്ടലിൽ (എംഐഎസ്) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യൽ എന്നിവയായിരുന്നു എസ്എയുവിന്റെ ഡയറക്ടർ നിർവ്വഹിച്ചിരുന്ന പ്രധാന പ്രവർത്തനങ്ങൾ. 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ കേരള എസ്എയുവിന്റെ ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയുടെ ഓഫീസ് 2022 സെപ്റ്റംബറിൽ നടത്തി.

[11] 2015 ഡിസംബർ 30ലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 3906/2015/എൽഎസ്ജിഡി പ്രകാരം